(എ) 1996-98 കാലയളവിൽ കാപ്പെക്സിന്റെ മാനേജിംഗ് ഡയറക്ടർ ഹെഡ് ക്വാർട്ടേഴ്സായി കാണിച്ചിട്ടുള്ള സ്ഥലമേതെന്നും, യഥാർത്ഥത്തിൽ അദ്ദേഹം താമസിച്ച മേൽവിലാസം ഏതെന്നും അറിയുമോ; എങ്കിൽ വ്യക്തമാക്കുമോ?

(ബി) മാനേജിംഗ് ഡയറക്ടർ 96-98 കാലയളവിൽ ഔദ്യോഗിക വാഹനവും സർക്കാർ ധനവും ദുർവിനിയോഗം ചെയ്തതു സംബന്ധിച്ച അന്വേഷണം പൂർത്തിയായിട്ടുണ്ടോ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കാപ്പെക്സ് ഹെഡ് ഓഫീസ് സ്ഥിതി ചെയ്യുന്ന കൊല്ലം ആണ് ഹെഡ് ക്വാർട്ടേഴ്സായി കാണിച്ചിട്ടുള്ളത്. ഈ കാലയളവിൽ അദ്ദേഹം വാടകയ്ക്ക് താമസിച്ച മേൽവിലാസം ഇ.എഫ്. 116 ഗ്രൗണ്ട് ഫ്ളോർ, പണ്ഡിറ്റ് കോളനി, നന്തൻകോട്, തിരുവനന്തപുരം എന്നാണ്.

(ബി) അന്വേഷണം പൂർത്തിയായിട്ടില്ല.

67 (623) 'ഐ.സി.ഡി.എസ്. സൂപ്പർവൈസർമാരുടെ ഒഴിവുകൾ

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യക്ഷേമ വകുപ്പിൽ ഐ.സി.ഡി.എസ്. സൂപ്പർവൈസർമാരായും വർക്കർമാരായും താൽക്കാലികാടിസ്ഥാനത്തിൽ എത്ര പേർ ജോലി ചെയ്തു വരുന്നു;

(ബി) ഇവർ എത്ര വർഷമായി ഡിപ്പാർട്ടുമെന്റിൽ സേവനം അനുഷ്ഠിച്ചു വരുന്നുണ്ട്;

(സി) ഇപ്പോൾ ചെയ്തു വരുന്ന ജോലിക്ക് ആവശ്യമായ ട്രെയിനിംഗ് നൽകിയിട്ടുണ്ടോ;

(ഡി) ഇപ്പോൾ സംസ്ഥാനത്ത് ഐ.സി.ഡി.എസ്. സൂപ്പർവൈസർമാർ വർക്കർമാർ എന്നിവരുടെ എത്ര ഒഴിവുകളുണ്ട്;

(ഇ) താൽക്കാലികാടിസ്ഥാനത്തിൽ നിയമിക്കപ്പെട്ടിട്ടുള്ളവരും ഇപ്പോൾ സർവ്വീസിൽ ജോലി നോക്കിവരുന്നതുമായ സൂപ്പർവൈസർമാർ, വർക്കർമാർ എന്നിവരെ സ്ഥിരപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സർക്കാരിന് നിവേദനം ലഭിച്ചിട്ടുണ്ടോ;

(എഫ്) ഉണ്ടെങ്കിൽ പ്രസ്തുത നിവേദനത്തിന്മേൽ സർക്കാർ എന്തൊക്കെ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്;

(ജി) ഈ ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിന് സർക്കാർ അടിയന്തിര നടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ) സാമൂഹ്യക്ഷേമ വകുപ്പിൽ 147 ഐ.സി.ഡി.എസ്. സൂപ്പർവൈസർമാർ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്തു വരുന്നു. താത്ക്കാലിക അംഗൻവാടി വർക്കർമാരെ സംബന്ധിച്ച വിവരം ശേഖരിച്ചു നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കരാർ സൂപ്പർവൈസർമാർ 1995 മുതൽ ജോലിയിൽ തുടർന്നു വരുന്നു.

(സി) സൂപ്പർവൈസർമാർക്ക് ട്രെയിനിംഗ് നൽകിയിട്ടുണ്ട്. താൽക്കാലിക അംഗൻവാടി വർക്കർമാർക്ക് ട്രെയിനിംഗ് നൽകിയിട്ടില്ല.

(ഡി) ഇപ്പോൾ സംസ്ഥാനത്ത് 478 ഐ.സി.ഡി.എസ്. സൂപ്പർവൈസർമാരുടെയും 1571 അംഗൻവാടി വർക്കർമാരുടെയും ഒഴിവുകളുണ്ട്.

(ഇ) ഉണ്ട്.

(എഫ്)&(ജി) സൂപ്പർവൈസർമാരുടെ നിവേദനം പരിശോധിച്ചു വരുന്നു. വർക്കർമാരുടെ കാര്യത്തിൽ സെലക്ട് ലിസ്റ്റ് നിലവിലില്ലാത്ത പ്രോജക്ടുകളിൽ രണ്ട് വർഷം തുടർച്ചയായോ ഇടവിട്ടോ സേവനം പൂർത്തിയാക്കിയിട്ടുള്ള വർക്കർമാരെ സ്ഥിരപ്പെടുത്താൻ 22.7.98 ലെ 2331/ബി/98 സ.ക്ഷേ.വ. നമ്പർ പ്രകാരം ഉത്തരവായിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ മേൽ നടപടികൾ സ്വീകരിച്ചു വരുന്നു.

68 (624) സാമൂഹ്യക്ഷേമവകുപ്പിലെ സർക്കാർ വാഹന ഉപയോഗം

ശ്രീ. എ.കെ. മണി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യക്ഷേമ വകുപ്പിലെ ഏതെല്ലാം ഉദ്യോഗസ്ഥർക്കാണ് സർക്കാർ വാഹനം അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത വകുപ്പിന്റെ ഡയറക്ടറേറ്റിൽ ഈ വാഹനങ്ങൾ ഇപ്പോൾ ഏതെല്ലാം ഉദ്യോഗസ്ഥരാണ് ഉപയോഗിക്കുന്നത്;

(സി) സാമൂഹ്യക്ഷേമ ഡയറക്ടറാഫീസിലുള്ളവർ പ്രസ്തുത ഡയറക്ടറേറ്റിന്റെ കീഴിലുള്ള ഓഫീസുകൾക്കനുവദിച്ചിട്ടുള്ള വാഹനങ്ങൾ ഉപയോഗിക്കാറുണ്ടോ; എങ്കിൽ അതിന്റെ സാഹചര്യങ്ങൾ വ്യക്തമാക്കുമോ;

(ഡി) ഇപ്രകാരം പ്രസ്തുത ഡയറക്ടറേറ്റിന് കീഴിലുള്ള ഓഫീസുകളിലെ വാഹനങ്ങൾ ആ ഡയറക്ടറേറ്റിലുള്ള ഉദ്യോഗസ്ഥൻമാർ ഉപയോഗിക്കുമ്പോൾ ലോഗ് ബുക്കിൽ വിവരങ്ങൾ രേഖപ്പെടുത്തുന്നത് എപ്രകാരമാണ്. ഇപ്രകാരം ഉപയോഗിക്കുന്ന വാഹനങ്ങളുടെ ഇന്ധനച്ചെലവ് ഏതാഫീസിന്റെ കണക്കിലാണ് കൊള്ളിക്കുന്നത്;

(ഇ) ഏതെല്ലാം കീഴ്കാര്യാലയങ്ങളിലെ വാഹനങ്ങളാണ് സാമൂഹ്യക്ഷേമഡയറക്ടറേറ്റിൽ ഉപയോഗിക്കുന്നത്; പ്രസ്തുത വാഹനങ്ങൾ അതാത് കീഴ്കാര്യാലയങ്ങളിലെ ആവശ്യങ്ങൾക്ക് മാത്രമേ ഉപയോഗിക്കാവൂ എന്ന് നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ഡയറക്ടർ, അഡീഷണൽ ഡയറക്ടർ, ജോയിന്റ് ഡയറക്ടർ അസിസ്റ്റന്റ് (പി.ഡി.എം.സി.), പ്രോജക്ട് മാനേജർ (ഡബ്ല്യൂ.എഫ്.പി.), സ്റ്റേറ്റ് പ്രോഗ്രാം ഓഫീസർ, 3 റീജിയണൽ അസി.ഡയറക്ടർമാർ, 5 ജില്ലാ സാമൂഹ്യക്ഷേമ ഓഫീസർമാർ, 14 ജില്ലാ പ്രോഗ്രാം ഓഫീസർമാർ, 120 ഐ.സി.ഡി.എസ്. പ്രോജക്ട് ഓഫീസർമാർ, 12 യു.എസ്.എൻ.പി. ഓഫീസർമാർ, എന്നിവർക്ക് വാഹനം അനുവദിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly